

**സഹയാത്രികർ**

■ അബൂഫിദൽ

# ഒരു പത്രത്തിന്റെ ബാങ്കിംഗ് പരീക്ഷണങ്ങൾ

**മുപ്പതിലേറെ** ആനുകാലികങ്ങളും അഞ്ച് ദിനപത്രങ്ങളും വിവിധ മുസ്‌ലിം സംഘടനകളുടേതായി കേരളത്തിലുണ്ട്. മാധ്യമ രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്താൻ കേരള മുസ്‌ലിംകൾക്കായിട്ടുമുണ്ട്. ഇക്കൂട്ടത്തിൽ ഏറെ പ്രതീക്ഷയോടെ 2003 ഫെബ്രുവരിയിൽ കോഴിക്കോട് നിന്ന് പുറത്തിറങ്ങിത്തുടങ്ങിയ ദിനപത്രമാണ് *വർത്തമാനം*. തുടക്കത്തിൽ ശക്തമായ മുന്നേറ്റം നടത്തുമെന്ന പ്രതീതി സൃഷ്ടിച്ചെങ്കിലും വളരെ പെട്ടെന്ന് കീഴ്പോട്ടു പോവുകയായിരുന്നു ആ മാധ്യമ സ്ഥാപനം. പത്രം സാമ്പത്തിക പ്രതിസന്ധി നേരിട്ടപ്പോൾ സ്വീകരിച്ച നടപടി ഇപ്പോൾ വിവാദമായിക്കൊണ്ടിരിക്കുകയാണ്.

*വർത്തമാനം* പ്രതിസന്ധിയുടെ കഥകൾ അനാവരണം ചെയ്യുന്ന കവർ സ്റ്റോറിയുമായാണ് *രിസാല* പുറത്തിറങ്ങിയിരിക്കുന്നത് (20 നവംബർ). '*വർത്തമാന*ത്തിന്റെ വർത്തമാനം' എന്ന് കവർ സ്റ്റോറി. സംഘടനാപരമായി മുജാഹിദ് മടവൂർ വിഭാഗവുമായി ബന്ധപ്പെട്ടവരാണ് *വർത്തമാനം* നടത്തിപ്പുകാർ. കാന്തപുരം വിഭാഗം സുന്നികളുടേതാണ് *രിസാല*. എന്നാൽ പരമാവധി വസ്തുതാപരമായി കാര്യങ്ങൾ അവതരിപ്പിക്കാൻ വാരിക ശ്രമിച്ചിരിക്കുന്നു. *വർത്തമാന*ത്തിലെ മുൻ ജീവനക്കാരുടെ അനുഭവങ്ങളും വേദനകളും വേതനവുമായി ബന്ധപ്പെട്ട അരഡസനോളം ലേഖനങ്ങളിൽ.

ഹുസൈൻ മടവൂരുമായുള്ള അഭിമുഖവും ഒപ്പമുണ്ട്.

കാര്യം ചുരുക്കിപ്പറഞ്ഞാൽ ഇങ്ങനെയാണ്: *വർത്തമാനം* കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരുന്നു. ആ സമയത്ത് മാനേജ്മെന്റ് പുതിയ സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ച് ആലോചിച്ചു. ജീവനക്കാരുടെ പേരിൽ ബാങ്കുകളിൽനിന്ന് വായ്പയെടുക്കാം എന്ന ഐഡിയ തെളിഞ്ഞു വന്നു. അങ്ങനെ വിജയാ ബാങ്ക്, കനറാ ബാങ്ക് എന്നിവയിൽ നിന്നായി ജീവനക്കാരുടെ പേരിൽ ലക്ഷങ്ങൾ കടമെടുത്തു. സ്ഥാപനം തിരിച്ചടച്ചുകൊള്ളും എന്ന വാക്കിലാണ് ജീവനക്കാർ ഇതിന് സമ്മതപത്രം ഒപ്പിട്ടു കൊടുത്തത്. പക്ഷേ, തിരിച്ചടവ് സമയം കഴിഞ്ഞിട്ടും സ്ഥാപനം തിരിഞ്ഞു നോക്കിയില്ല. നിരന്തരം ഓർമപ്പെടുത്തൽ ഉണ്ടായിട്ടും തിരിച്ചടവ് ഇല്ലാതായപ്പോൾ ബാങ്ക് പത്രജീവനക്കാർക്കെതിരെ ജപ്തി നടപടികളും നിയമനടപടികളും സ്വീകരിക്കാൻ തുടങ്ങി. ശമ്പളം കിട്ടാതിരിക്കുകയും നിയമ നടപടികൾക്ക് വിധേയമാവുകയും ചെയ്യുന്ന ജീവനക്കാരുടെ സങ്കടപ്പാടുകളാണ് അവർ ജനങ്ങളോട് പറയുന്നത്. മുഖ്യധാരാ പത്രങ്ങൾ ഇക്കാര്യം ശ്രദ്ധിക്കാതെയായപ്പോൾ varthamanamwalkoutsblogspot.com എന്ന പേരിൽ ജീവനക്കാർ ഒരു ബ്ലോഗ് തുടങ്ങി. അതിലൂടെ അവരുടെ വേദനകളും സഹിച്ച അപമാനങ്ങളും അവർ പങ്കുവെച്ചു. പത്രപ്രവർത്തക യൂനിയനും പ്രശ്നത്തിൽ ഇടപെട്ടിട്ടുണ്ടെങ്കിലും ഒരു പരിഹാരം കൊണ്ടുവരാൻ ഇതുവരെ സാധ്യമായിട്ടില്ല.

കാര്യങ്ങളെ സത്യസന്ധമായി സമീപിക്കുന്ന മറുപടികളാണ് ഹുസൈൻ മടവൂർ *രിസാല* അഭിമുഖത്തിൽ പറയുന്നത്. ഒരു നേതാവിന്റെ ഉയർന്ന നിലവാരത്തിൽ നിന്നു കൊണ്ട് തന്നെ അദ്ദേഹം സംസാരിക്കുന്നു. 'ഞങ്ങളുടെ കണക്കുകൂട്ടലുകൾ പിഴച്ചു' എന്നാണ് അദ്ദേഹം ആവർത്തിക്കുന്ന ഒരു വാചകം. എന്നാൽ ആളുകൾ ബഹളംവെക്കുന്ന മട്ടിലുള്ള പ്രശ്നങ്ങളൊന്നും *വർത്തമാന*ത്തിലില്ലെന്നും നിവൃത്തിയില്ലായ്മയെ ആഘോഷിക്കുകയാണ് ചിലർ ചെയ്യുന്നതെന്നും എഡിറ്റോറിയൽ ഡയറക്ടർ അബൂബക്കർ കാരക്കുന്ന് ന്യായീകരിക്കുന്നുമുണ്ട്.

മാധ്യമ സ്ഥാപനങ്ങളിലെല്ലാം പ്രശ്നങ്ങളുണ്ടാകാറുണ്ടെന്നും അതൊന്നും മറ്റു പത്രങ്ങൾ വാർത്തയാക്കാറില്ലെന്നും ഹുസൈൻ മടവൂർ പറയുന്നുണ്ട്. ഇതിൽ ചില ശരികേടുകളുണ്ട്. ഒന്ന്, അദ്ദേഹം തന്നെ ഉദാഹരിക്കുന്ന *ന്യൂ ഇന്ത്യൻ എക്സ്പ്രസി*ലെ പ്രശ്നം. അവിടെയുള്ള തൊഴിലാളികളുടെ പ്രശ്നം എല്ലാ പത്രങ്ങളിലും വാർത്തയായതും എക്സ്പ്രസ് ഓഫീസിനു മുമ്പിൽ പത്രപ്രവർത്തകർ അനിശ്ചിത കാല സമരം നടത്തിക്കൊണ്ടിരിക്കുന്നതുമാണ്. രണ്ടാമത്, മറ്റു സ്ഥാപനങ്ങളിൽ ഇല്ലാത്ത സവിശേഷ പ്രശ്നമാണ് *വർത്തമാന*ത്തിൽ ഉണ്ടായിരിക്കുന്നത്. സ്ഥാപനത്തിൽ നിന്ന് രാജിവെച്ച് പോന്ന ജീവനക്കാരെപ്പോലും ബാങ്ക് നോട്ടീസുകളും ജപ്തി നോട്ടീസുകളും പിന്തുടരുന്ന അപൂർവ അനുഭവം. 'പത്രപ്രവർത്തന ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത സംഭവം' എന്നാണ് *ഇന്ത്യാ ടുഡേ* വാരിക ഇതേക്കുറിച്ച് എഴുതിയത്.

എത്രയും പെട്ടെന്ന് ഈ പ്രശ്നം തീർക്കുകയായിരുന്നു കരണീയം. എന്നാൽ വർഷങ്ങളായിട്ടും പ്രശ്നം തീർക്കാൻ സാധിച്ചിട്ടില്ല. ഏതാനും ലക്ഷം രൂപയുടെ ഈ പ്രശ്നം തീർക്കാൻ മുജാഹിദ് സംഘടനക്ക് സാധിക്കാതെയുമല്ല. പിന്നെ എന്തിന് അവരിത് നീട്ടിക്കൊണ്ടുപോവുന്നുവെന്നത് ദുരൂഹം തന്നെയാണ്. എത്ര ലക്ഷങ്ങൾ മുടക്കിയാലും തിരിച്ചുപിടിക്കാൻ കഴിയാത്ത ഇമേജ് നഷ്ടമാണ് ഇതുകൊണ്ട് ഉണ്ടാവുന്നതെന്ന് സംഘടനാ നേതൃത്വം തിരിച്ചറിയാത്തത് കഷ്ടമാണ്. ഇതിനിടയിൽ ബഹു

ലക്ഷങ്ങൾ മുടക്കി സംഘടന സംസ്ഥാന സമ്മേളനം നടത്തിയിട്ടുണ്ട്. പലിശാധിഷ്ഠിത ബാങ്കിംഗിന്റെ പ്രശ്നങ്ങളെക്കുറിച്ച് ലക്ഷങ്ങൾ മുടക്കി അന്തർദേശീയ സെമിനാർ ഹുസൈൻ മടവൂരിന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. അതിന്റെയൊക്കെ നേരിയൊരു വിഹിതം മാറ്റിവെച്ചാൽ തീരുമായിരുന്നു പലിശ സ്ഥാപനവുമായി നടത്തിയ ഈ ഇടപാടിന്റെ പ്രശ്നം. ഇസ്‌ലാമിന്റെ നൈതികതയെയും രാഷ്ട്രീയ ഉള്ളടക്കത്തെയും കുറിച്ച് നമ്മുടെ മുഖ്യധാരാ മാധ്യമങ്ങളിൽ വരെ ലേഖനങ്ങളും സംവാദങ്ങളും നടക്കുന്ന ഈ സമയത്ത് ഒരു മുസ്‌ലിം മാധ്യമ സ്ഥാപനവുമായി ബന്ധപ്പെട്ട് ഇത്തരമൊരു നൈതിക പ്രശ്നം ഉയർന്നു വരുന്നത് മൊത്തം ഇസ്‌ലാമിക സമൂഹത്തിന് തന്നെ ഗുണകരമല്ല.

## മതത്തിന്റെ താൽപര്യമേഖലകൾ


'സഞ്ചാര യോഗ്യമായ വഴിയുണ്ടായിരിക്കുക, അത് മാലിന്യമുക്തമാവുക, കുടിവെള്ളം എല്ലാവർക്കും ലഭ്യമായിരിക്കുക, അത് ശുദ്ധമാവുക, ഭക്ഷണവും ചികിത്സയും വിദ്യാഭ്യാസവും പാവപ്പെട്ടവർക്ക് കൂടി ലഭ്യമാക്കുക, കിടപ്പാടം എല്ലാവർക്കും ഉണ്ടായിരിക്കുക, പാവപ്പെട്ടവർക്ക് കൂടി പ്രാപ്യമായ ചൂഷണരഹിത സാമ്പത്തിക ഇടപാട് സ്ഥാപനങ്ങൾ ഉണ്ടായിരിക്കുക തുടങ്ങിയ പ്രാഥമിക മാനുഷിക ആവശ്യങ്ങൾക്ക് വേണ്ടി ഇസ്‌ലാം പ്രതിജ്ഞാബദ്ധമാണെന്ന് എല്ലാവർക്കും അറിയാം. മുസ്‌ലിം സംഘടനകൾ നടത്തുന്ന ഏത് പ്രഭാഷണ പരിപാടിയിലും അത്തരം മനുഷ്യ സേവനങ്ങളുടെ പ്രാധാന്യം ഓർമിപ്പിക്കാതിരിക്കുകയുമില്ല. എന്നാൽ, ഒരു റോഡ് വെട്ടാനോ പൊതുസ്ഥാപനം മാലിന്യമുക്തമാക്കാനോ സൗജന്യ ചികിത്സാ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാനോ ഭവന പദ്ധതികൾക്കോ അവർ അത്ര തന്നെ താൽപര്യം കാണിക്കാറില്ല. യഥാർഥത്തിൽ ഇക്കാര്യത്തിൽ പ്രസംഗത്തിന്റെ ആവശ്യം തന്നെയില്ല; പ്രായോഗിക പ്രവർത്തനങ്ങളാണ് വേണ്ടത്.

സേവന പ്രവർത്തനങ്ങളോടൊപ്പം ജനകീയ പ്രതിരോധ സമരങ്ങളും ബഹുഭൂരിപക്ഷം വരുന്ന പച്ച മനുഷ്യർക്ക് വേണ്ടിയുള്ള സദ്കർമങ്ങളായിത്തീരുന്ന രാഷ്ട്രീയ സാഹചര്യമാണുള്ളത്. പാവപ്പെട്ട മനുഷ്യർക്ക് ശുദ്ധവായുവും കുടിവെള്ളവും കൃഷിഭൂമിയും കിടപ്പാടവും ചികിത്സയുമൊക്കെ കിട്ടാക്കനിയാക്കുന്ന മനുഷ്യത്വവിരുദ്ധമായ രാഷ്ട്രീയ നയപരിപാടികളെ ചെറുത്തുതോൽപിക്കേണ്ടത് മതത്തിന്റെ താൽപര്യമേഖലയിൽ പെട്ടതു തന്നെയല്ലേ?'. മുസ്‌ലിം ആനുകാലികങ്ങളിൽ ശ്രദ്ധേയമായ കോളമാണ് *ശബാബ്* വാരികയിൽ എമ്മാർ എഴുതുന്ന *ഫീഡ്ബാക്ക്*. നവംബർ 13 ലക്കത്തിലെ പ്രസ്തുത കോളത്തിൽ നിന്നാണ് മേൽവരികൾ; നോ കമന്റ്സ്.

## രണ്ട് സുവനീറുകൾ

ഇപ്പോൾ മേശപ്പുറത്തുള്ളത് വ്യത്യസ്തമായ രണ്ട് സുവനീറുകൾ. ഒന്ന്; *ചൂണ്ടുവിരൽ*–ഖത്തർ ഇസ്‌ലാമിക് യൂത്ത് അസോസിയേഷൻ (ഐ.വൈ.എ) പുറത്തിറക്കിയ 240 പേജുള്ള അക്ഷരോപഹാരം. കനപ്പെട്ട ലേഖനങ്ങൾ കൊണ്ടും ആത്മകഥാ–പ്രവാസ കുറിപ്പുകൾ കൊണ്ടും സമ്പന്നം. നിർമാണത്തിലും അച്ചടിയിലും ശരിക്കും ഒരു ഗൾഫ് ടച്ച് ഉണ്ട്. എം.എ റഹ്മാൻ, ഒ. അബ്ദുർറഹ്മാൻ, വി.എ കബീർ, വി.കെ അലി, കെ. അബ്ദുല്ലാ ഹസൻ, അശ്റഫ് കീഴുപറമ്പ്, അബ്ദുല്ലക്കോയ കണ്ണങ്കടവ് തുടങ്ങിയവരുടെ പ്രവാസ ഓർമക്കുറിപ്പുകൾ ആകർഷകമാണ്. ഐ.വൈ.എയുടെ ഉത്ഭവത്തെയും ചരിത്രത്തെയും അനാവരണം ചെയ്യുന്ന കുറിപ്പുകൾ, മുൻ ഐ.വൈ.എ പ്രസിഡന്റുമാരുടെ കുറിപ്പുകൾ എന്നിവയും ചേർത്തിരിക്കുന്നു. കൂടാതെ പ്രശസ്തരുടെ കഥകൾ, കവിതകൾ എന്നിവയും ചേർക്കാൻ സംഘാ

ടകർ ശ്രദ്ധിച്ചിട്ടുണ്ട്. തിരക്കു നിറഞ്ഞ പ്രവാസ ജീവിതത്തിനിടയിൽ ഇത്രയും മികച്ച ഒരു ഉപഹാരം ഇറക്കിയ പത്രാധിപ സമിതി അഭിനന്ദനമർഹിക്കുന്നു. കെ. മുഹമ്മദ് ശബീർ മുഖ്യ പത്രാധിപരും ഫസ്ലുർറ ഹ്മാൻ കൊടുവള്ളി പത്രാധിപരുമായ സമിതിയാണ് *ചൂണ്ടുവിരൽ* പുറത്തിറക്കിയിരിക്കുന്നത്.




രണ്ടാമത്തേത്; *മഷിനോട്ടം*. കണ്ണൂർ പഴയങ്ങാടി പി.ജെ ഹൈസ്കൂളിലെ എസ്.ഐ.ഒ യൂനിറ്റ് പുറത്തിറക്കിയ 70 പുറമുള്ള മാഗസിൻ. മാഗസൻ പ്രവർത്തനങ്ങൾക്കിടെ തങ്ങളെ വിട്ട് മരണത്തിന്റെ വിളി കേട്ട് യാത്രയായ പ്രിയ സുഹൃത്ത് കെ.പി ഷംനാദിന്റെ ഓർമകൾക്ക് വേണ്ടിയാണ് മാഗസിന്റെ നല്ലൊരു ഭാഗവും നീക്കിവെച്ചിരിക്കുന്നത്. ഷംനാദിനെക്കുറിച്ച രചനകളും ഷംനാദിന്റെ രചനകളുമുണ്ട്. ഹൈസ്കൂൾ വിദ്യാർഥികൾ ഇത്രയും മികച്ച ഒരു മാഗസിൻ പുറത്തിറക്കിയിരിക്കുന്നത് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ഒപ്പം അധ്യാപകരുടെയും വിദ്യാർഥികളുടെയും കഥ, കവിത, ലേഖനങ്ങൾ എന്നിവയും. പി.എം അബ്ദുല്ലയാണ് ചീഫ് എഡിറ്റർ, എഡിറ്റർ കെ.പി ഷംനാദ് തന്നെ. ■